**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6082** **09-07-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ഇ-ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ ഇ-വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് വേണ്ടി എത്ര വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തനസജ്ജമായെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾക്ക് ചാർജ്ജിംഗിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്ന തുടക്ക കാലത്താണ് ഇ-മൊബിലിറ്റി സുഗമമാക്കുക എന്ന ഗവൺമെന്റ് നയം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പ്രാഥമിക അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനായി 63 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകളും ഉൾക്കൊള്ളുന്ന ഒരു ചാർജ്ജിംഗ് ശൃംഖല കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സജ്ജീകരിച്ചത്.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഇലക്ട്രിക് പോസ്റ്റുകളിൽ വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് ഒരു നിയോജക മണ്ഡലത്തിൽ കുറഞ്ഞത് 5 എണ്ണവും കോർപ്പറേഷൻ നിയോജക മണ്ഡലങ്ങളിൽ കുറഞ്ഞത് 15 എണ്ണവും എന്ന തോതിലായി 1169 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാപിച്ച ആറ് (6) ചാർജ്ജിംഗ് പോയിന്റുകളാണ് പൂഞ്ഞാർ നിയോജക മണ്ഡലത്തിലുള്ളത്. ഇവയെല്ലാം പ്രവർത്തന സജ്ജമാണ്. കടുവാമുഴി ചാർജ് പോയിന്റിനു (CB 360) സമീപം ഡ്രൈനേജ് പണിയുടെ ഭാഗമായി കല്ലും മണ്ണും കൂട്ടിയിട്ട് ചാർജിങ് സ്റ്റേഷനിലേക്കുള്ള പ്രവേശനം തടസ്സപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതു പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിൽ പുതുതായി ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | എല്ലാ ജില്ലകളിലുമായി ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ കണ്ടെത്തിയ 2392 സ്ഥലങ്ങളുടെ (കോട്ടയം ജില്ലയിലെ 169 എണ്ണം ഉൾപ്പെടെ) വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട MLA/MP-മാരുടെ ആസ്തി വികസന ഫണ്ടോ ഇതര സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സഹായമോ ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടത്തി വരുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്/ഗവൺമെന്റ്/ഇതര സ്ഥലങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.<br><br>വൈദ്യുത വാഹനങ്ങളുടെ വ്യാപനത്തെ തുടർന്ന് സംസ്ഥാനത്ത് ഇപ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റേതു കൂടാതെ 700-ഓളം ചാർജ്ജിംഗ് സ്റ്റേഷനുകൾ (സ്വകാര്യ മേഖലയിലുൾപ്പെടെ) പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡ പ്രകാരം ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ് ആവശ്യമില്ലാത്ത പ്രവർത്തിയാണ്. അതിൻ പ്രകാരം വ്യക്തികൾക്കോ സ്വകാര്യ സംരംഭകർക്കോ സാങ്കേതിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.<br><br>ഇലക്ട്രിക് കാറുകൾക്ക് വേണ്ടി ഉള്ള ഡി സി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ പ്രധാനമായും ആവശ്യമായി വരുന്നത് ദീർഘദൂര യാത്രകളിലാണ്. പ്രസ്തുത നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കഫറ്റേരിയ, വാഷ്റൂം സംവിധാനത്തോട് കൂടിയ 100 sqm (8mx8m, 6mx6m) സർക്കാർ അധീനതയിലുള്ള സ്ഥലവും, ലാൻഡ് സ്കെച്ചും, ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഫണ്ടും ലഭ്യമാവുകയാണെങ്കിൽ രണ്ട് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സംവിധാനം അനെർട്ട് മുഖേന ഒരുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ